6738
27/3/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- എസ്.റ്റി.3750/2013-ാം നമ്പർ കേസ്-ബഹു.പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ 01.03.2017 ലെ വിധിന്യായം-ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.105/2017/വനം തീയതി, തിരുവനന്തപുരം, 24.03.2017

പരാമർശം:- 1) ശ്രീമതി.വസന്തകുമാരി ബഹു.വനം വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച പരാതി .

2) 14.07.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (വിജിലൻസ്) റുടെ വിജ 2-20208/14 നമ്പർ കത്ത്.

3) ശ്രീമതി.വസന്തകുമാരി ബഹു.പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത എസ്.റ്റി.3750/2013-ാം നമ്പർ കേസിലെ 01.03.2017 ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

ശ്രീമതി.വസന്തകുമാരി, ടിയാളുടെ മരണപ്പെട്ട ഭർത്താവിന്റെ സുഹൃത്തായ ശ്രീ.കെ.ജി.രാജൻ, പലപ്പോഴായി 14,14,000/- രൂപ കടമായി വാങ്ങിയെന്നും, അതിൽ 3 ലക്ഷം രൂപ മടക്കി നൽകിയെന്നും, ബാക്കി തുകയ്ക്ക് തന്ന ചെക്കുകൾ കളക്ഷനാകാതെ വന്നതിനെ തുടർന്ന് ടിയാനെതിരെ ബഹു.പുനലൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻപാകെ എസ്.റ്റി.3750/13 നമ്പരായി കേസ് ഫയൽ ചെയ്യുകയും അതിൽ വിചാരണ നടന്നു കൊണ്ടിരിക്കുന്നതായും, കേസ് പിൻവലിക്കുന്നതിനായി ടിയാൻ ഭീഷണിപ്പെടുത്തുന്നതായും, അപായപ്പെടുത്താൻ ശ്രമിക്കുന്നുവെന്നും, ടിയാനിൽ നിന്നും ലഭിക്കുവാനുള്ള തുക മടക്കി വാങ്ങി നൽകുന്നതിന് നിർദ്ദേശം നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് വനംവകുപ്പ് മന്ത്രി മുൻപാകെ പരാമർശം (1) പ്രകാരം പരാതി സമർപ്പിച്ചു.

2. ടി പരാതിയിന്മേൽ അന്വേഷണം നടത്തി, സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ പൊതുജനങ്ങളുമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 16-ാം ചട്ടത്തിന്റെ ലംഘനമായതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) പരാമർശം (2) പ്രകാരം ശുപാർശ ചെയ്തു.

3. 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിലെ 138-ാം വകുപ്പിലെ CrPC 255(1), 357(3) വകുപ്പുകൾ പ്രകാരം ശ്രീ.കെ.ജി.രാജന് 3 മാസം തടവും, 11,10,000/- രൂപ പരാതിക്കാരിക്ക് നഷ്ടപരിഹാരം നൽകാനും, പിഴ അടയ്ക്കാത്ത പക്ഷം 2 മാസം കൂടി വെറും തടവ് അനുഭവിക്കുന്നതിനും പരാമർശം (3) പ്രകാരം ബഹു. കോടതി ശിക്ഷ വിധിച്ചു.

4. 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടത്തിലെ 18 (i) (a) ചട്ടം പ്രകാരം ക്രിമിനൽ ചാർജ്ജിൽ ശിക്ഷ ചുമത്തുന്ന സംഗതിയിൽ

അച്ചടക്കാധികാരിയ്ക്ക് കേസിന്റെ സാഹചര്യം പരിഗണിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന നടത്തി യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാമെന്നും, സർക്കാർ ജീവനക്കാരന്റെ പേരിൽ ഒരു ക്രിമിനൽ ചാർജ്ജിൽ ഒരു ക്രിമിനൽ കോടതി കുറ്റസ്ഥാപനം നടത്തുകയും തടവോ പിഴയോ രണ്ടും കൂടിയോ ഉള്ള ശിക്ഷ വിധിക്കുകയും ചെയ്യുന്ന സംഗതിയിൽ, കുറ്റസ്ഥാപനം സംബന്ധിച്ച ശിക്ഷാ വിധി നടപ്പാക്കുന്നത് സസ്പെന്റ് ചെയ്തിട്ടുണ്ടെന്നതോ, അല്ലെങ്കിൽ അപ്പീൽ നിലവിലുണ്ടെന്നതോ നോക്കാതെ തന്നെ ഭരണഘടനയുടെ 311-ാം അനുച്ഛേദത്തിലെ (2) (2) (a) യിലെ വ്യവസ്ഥകൾ വിനിയോഗിച്ച് കൊണ്ട് ജീവനക്കാരെ സർവ്വീസിൽ നിന്നും തള്ളിക്കളയുകയോ നീക്കം ചെയ്യുകയോ ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നു.

5. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു.

6. ക്രിമിനൽ കേസിൽ തടവും പിഴയും കോടതി വിധിച്ച സാഹചര്യത്തിൽ ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ 18 (iii) (a) (aa) ചട്ടം പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 10 (1) (a) പ്രകാരം സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തോടെ സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

7. ശ്രീ.കെ.ജി.രാജന് കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 55 പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ചീഫ് ഫോറസ്റ്റ് (വിജിലൻസ്)
ശ്രീ. കെ.ജി.രാജൻ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, (അഡീഷണൽ പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ചീഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വനം വന്യജീവി (എഫ്) വകുപ്പ്
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ